# INDIAN SCHOOL DARSAIT 2017-18

## Malayalam Work sheet

## COMPREHENSION

Name: ……………………………….. Roll No: …………..

Class: IX …………… Date: ………

താഴെ കൊടുത്തിരിക്കുന്ന ഖണ്ഡിക വായിച്ച് ചുവടെയുള്ള ചോദ്യങ്ങൾക്ക് ഉത്തരം എഴുതുക.

മലയാളിയുടെ ജീവിതത്തിൽ 'അരിയ്ക്ക് അമിതമായ പ്രാധാന്യ മുണ്ട്'. 'അരിയിട്ട വെള്ളം കുടിച്ചിട്ട് നാലുദിവസമായി'. എന്ന വാക്യത്തിൽ ദാരിദ്ര്യത്തിന്റെ വേദന കാണാം. മരിച്ചാൽപോലും അരിവേണം. 'വായ്ക്കരിയിടുക' എന്നു കേട്ടിട്ടില്ലേ? 'അരിയുണ്ടെ ന്നാൽ അങ്ങേരന്തരിക്കുകയില്ലായിരുന്നല്ലോ' എന്ന് വൈലോപ്പിള്ളി യുടെ 'അരിയില്ലാഞ്ഞിട്ട്' എന്ന കവിത സമാപിക്കുന്നു. 'അരിയെത്തി, അരിതീർന്നു' എന്നീ പ്രയോഗങ്ങൾ മരണത്തെ സൂചിപ്പിക്കുന്നു. 'ചോറ് തിന്ന ഒരാളിതു പറയില്ല'. എന്ന പ്രയോഗ ത്തിന് മലയാളിയുടെ ജീവിതത്തിന്റെ പല വശങ്ങളെ പ്രതിഫലി പ്പിക്കാൻ കഴിയുന്നുണ്ട്.

'അരിമണിയൊന്നുകൊറിക്കാനില്ല,
തരിവളയിട്ടു നടക്കാൻ മോഹം'

എന്നു കുഞ്ചൻനമ്പ്യാർ കളിയാക്കുന്നത് ചിലരുടെ ജീവിതത്തെയാ ണല്ലോ 'അരിയിട്ടവെള്ളം കുടിക്കാൻ ഇന്നും പലർക്കും കഴിയു ന്നില്ല'. അരി അന്നമായി തീരുമ്പോഴേയ്ക്ക് ചില കുഞ്ഞുങ്ങൾ വിശന്ന് തളർന്ന് ഉറങ്ങിപ്പോകും.. അരി എന്ന വാക്കിന് സംസ്കൃതത്തിൽ ശത്രു എന്ന അർത്ഥം എങ്ങനെ വന്നു എന്നത് ചിന്തനീയമാണ്.

1. ചിലരുടെ ജീവിതത്തെ കുഞ്ചൻനമ്പ്യാർ കളിയാക്കി യിട്ടുള്ളത് എങ്ങനെ?

 ……………………………………………………………

 ……………………………………………………………

 ……………………………………………………………

 ……………………………………………………………

INDIAN SCHOOL DARSAIT 2017-18

Malayalam Work sheet

COMPREHENSION

Name: ……………………………….. Roll No: …………..

Class: IX …………… Date: ………

2. മരണത്തെ സൂചിപ്പിക്കുന്ന ചില പ്രയോഗങ്ങൾ ഏതെല്ലാം?

………………………………………………………………

………………………………………………………………

………………………………………………………………

3. വൈലോപ്പിള്ളിയുടെ അരിയില്ലാഞ്ഞിട്ട് എന്ന കവിത സമാപി- ക്കുന്നത് എങ്ങനെ?

………………………………………………………………

………………………………………………………………

………………………………………………………………

………………………………………………………………

4. ദാരിദ്ര്യത്തിൻെറ വേദന കാണിക്കുന്ന പ്രയോഗം ഏത്?

………………………………………………………………

………………………………………………………………

………………………………………………………………

………………………………………………………………

5. ഈ ഗദ്യഭാഗത്തിന് ഉചിതമായ ശീർഷകം നല്കുക.

………………………………………………………………

………………………………………………………………

# INDIAN SCHOOL DARSAIT 2017-18

## Malayalam Work sheet
## COMPREHENSION

Name: ……………………………….. Roll No: ………….

Class: IX …………… Date: ………

താഴെ കൊടുത്തിരിക്കുന്ന ഖണ്ഡിക വായിച്ച് ചുവടെയുള്ള ചോദ്യങ്ങൾക്ക് ഉത്തരം എഴുതുക.

കുട്ടികളുടെ നാടകവേദി ഒരു പ്രസ്ഥാനമാക്കി വളർത്തിയെടുത്തത് ജി.ശങ്കരപ്പിള്ളയാണ്. അദ്ദേഹം നിരവധി നാടകങ്ങളിലൂടെ മലയാള നാടകത്തെ പുതിയ തലങ്ങളിലേക്ക് ഉയർത്തി. ജി. ശങ്കരപ്പിള്ളയുടെ 'അക്കരെ' എന്ന നാടകത്തിന് ആകാശവാണിയുടെ നാടക മത്സരത്തിൽ ഒന്നാം സ്ഥാനം ലഭിച്ചു. കേരളത്തിനു പറ്റിയ ചില വീഴ്ചകൾ ഈ നാടകത്തിൽ അദ്ദേഹം സൂചിപ്പിക്കുന്നുണ്ട്. നമ്മുടെ ഗ്രാമീണതയും നന്മയുമൊക്കെ നഷ്ടപ്പെട്ട് പണത്തോടുള്ള ആർത്തി വളർന്നതെങ്ങനെയെന്ന് ഈ നാടകത്തിൽ അദ്ദേഹം ആവിഷ്കരിച്ചു. പണ്ട് ഗൾഫിൽ പോകുന്നതിന് 'അക്കരെ പോയി' എന്നു പറയാറുണ്ടായിരുന്നു. 'പുളുവടിവാസു', വാസു മുതലാളിയായത് രണ്ട് മക്കൾ 'അക്കരെ' പോയതോടെയാണ്. പെട്ടെന്ന് അയാൾ രണ്ട് സൂപ്പർമാർക്കറ്റുകളുടെ ഉടമയായി. വീട് ബംഗ്ലാവായി. അവിടെനിന്ന് അത്യുച്ചത്തിലുള്ള പാശ്ചാത്യസംഗീതം കേട്ടു തുടങ്ങി. ഗൾഫ് പണം കേരളത്തിൽ വരുത്തിയ ചില മാറ്റങ്ങൾ മെല്ലെ മെല്ലെ ഇതൾ വിടർത്തി അക്കരെ എന്ന നാടകം സമ്മാനം നേടി.

1. അക്കരെ എന്ന നാടകത്തിനു ലഭിച്ച സമ്മാനം എന്ത്?

   ………………………………………………………………………

   ………………………………………………………………………

2. കേരളത്തിൻെറ എന്തൊക്കെ നഷ്ടപ്പെട്ടുവെന്നാണ് 'അക്കരെ' എന്ന നാടകം പറഞ്ഞത്?

   ………………………………………………………………………

   ………………………………………………………………………

   ………………………………………………………………………

   ………………………………………………………………………

# INDIAN SCHOOL DARSAIT 2017-18

## Malayalam Work sheet

## COMPREHENSION

Name: ……………………………….                                                Roll No: …………..

Class:  IX  ……………                                                Date: ………

3. പുളുവടി വാസു വാസുമുതലാളിയായത് എങ്ങനെ?

   ..................................................................

   ..................................................................

   ..................................................................

4. കുട്ടികളുടെ നാടകവേദി ഒരു പ്രസ്ഥാനമായി വളർത്തിയെടുത്തത് ആര്?

   .................................................................…

5. ഈ ഗദ്യഭാഗത്തിന് ഉചിതമായ ശീർഷകം നല്കുക.

   ...............................................................